# അനുസ്മരണം

## പി.വി. നരസിംഹ റാവു

ഇന്ത്യയെ സാമ്പത്തിക ഉദാരവൽക്കരണത്തിലേക്ക് നയിച്ചു. രാജ്യം കടക്കെണിയിലകപ്പെട്ട സമയത്ത് (1991 - 95) പ്രധാനമന്ത്രിപദം ഏറ്റെടുത്ത റാവു ധീരമായ നടപടികളിലൂടെ നിയന്ത്രണമേറ്റെടുത്തു.

## യാസർ അറഫാത്ത്

നാലു പതിറ്റാണ്ടോളം ഫലസ്തീൻ ദേശീയതയുടെയും സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെയും പ്രതീകമായിരുന്നു. 1969 ൽ ഫലസ്തീൻ വിമോചന സംഘടന (പി.എൽ.ഒ) യുടെ ചെയർമാനായി. 1994ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടി.

## സ്വാമി രംഗനാഥാനന്ദ

ശ്രീരാമകൃഷ്ണ മഠത്തിന്റെ പ്രസിഡണ്ടും വാഗ്മിയും സ്വാമി വിവേകാനന്ദന്റെ ശിഷ്യനുമായിരുന്നു. ലോകം മുഴുവൻ ശിഷ്യൻമാരും ആരാധകരുമുള്ള അദ്ദേഹം "ആധുനിക ഭാരതത്തിന്റെ വിവേകാനന്ദൻ" എന്നും "ഭാരതത്തിന്റെ ആത്മീയ അംബാസഡർ" എന്നും അറിയപ്പെടുന്നു.

## ജോൺ പോൾ രണ്ടാമൻ മാർപാപ്പ

"സ്നേഹം ഹൃദയങ്ങളെ പരിവർത്തനപ്പെടുത്തി ശാന്തത നൽകുന്നു"-ഇതായിരുന്നു മാർപാപ്പയുടെ അന്തിമ സന്ദേശം. അഫ്ഗാനിസ്ഥാനിലെയും ഇറാഖിലെയും ജനതക്കു നേരെ നടന്ന ആക്രമണങ്ങളെ അപലപിച്ച മാർപാപ്പ ഭരണകൂടങ്ങളെ ഭയക്കാതെ എന്നും മർദ്ദിതരുടെ കൂടെയായിരുന്നു.

## ഒ.വി. വിജയൻ

"വാക്കുകളിലൂടെയും വരകളിലൂടെയും ഇതിഹാസങ്ങൾ രചിച്ച് കൂടെ ഇത്തിരി നേരമ്പോക്കും ഒരുപാട് ദർശനങ്ങളും പകർന്ന് തന്ന ഇതിഹാസത്തിന്റെ ഇതിഹാസകാരനെന്ന ഓട്ടുപുലാക്കൽ വേലുക്കുട്ടി വിജയൻ എന്ന ഒ.വി. വിജയൻ നമ്മുടെ മനസ്സിൽ മായാതെ മറയാതെ നിലനിൽക്കും."

## ബാലാമണിയമ്മ

മലയാള കവിതയിലെ ശക്തമായ ശബ്ദം, മിത്തുകളിലൂടെ നൈതികരാഷ്ട്രീയ പ്രശ്നങ്ങൾ പുറത്തുകൊണ്ടുവരാൻ ശ്രമിച്ചു.

## ജൂബാ രാമകൃഷ്ണ പിള്ള

സ്വാതന്ത്ര്യ സമര സേനാനി, ഗാന്ധിയൻ, വൈക്കം സത്യാഗ്രഹത്തിലും ഉപ്പുസത്യാഗ്രഹത്തിലും പങ്കെടുത്തതിന് ജയിൽ ശിക്ഷ. പൂനെ മാതൃകയിൽ അദ്ദേഹം തയ്ച്ച ജൂബ കോൺഗ്രസുകാരുടെ ഹരമായി. സർ. സി.പി. ഔദ്യോഗിക വേഷമായി ജൂബയെ അംഗീകരിച്ചു.

## കാട്ടുമാടം നാരായണൻ

യവനനാടക സാഹിത്യത്തെ കുറിച്ചുള്ള മലയാളിയുടെ ജിജ്ഞാസക്ക് തിരികൊളുത്തിയ നാടകകൃത്ത്, അഭിനവ നേതാവ്, സാഹിത്യകാരൻ, താന്ത്രികൻ.

## പി.കെ.വി

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാവും സംശുദ്ധ രാഷ്ട്രീയത്തിന്റെ ആൾരൂപവുമായ ഈ മുൻ കേരള മുഖ്യമന്ത്രിയും പാർലമെന്ററി പാർട്ടി നേതാവും ദേശീയ എക്സിക്യൂട്ടീവ് അംഗവുമായ അദ്ദേഹം പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയും ആയിരുന്നു.

## കൃഷ്ണൻ കണിയം പറമ്പിൽ

സി.പി.ഐ. നേതാവ്, മുൻമന്ത്രി. എ.ഐ.എസ്.എഫ്. സംസ്ഥാന വൈസ് പ്രസിഡണ്ട് എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറി, മത്സ്യ തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു.

## വി.വി. രാഘവൻ

സി.പി.ഐ. നേതാവ്, മുൻമന്ത്രി, സി.പി.ഐ ദേശീയ എക്സിക്യൂട്ടീവ് അംഗം, രാജ്യ സഭാംഗം മന്ത്രിയായിരിക്കെ അദ്ദേഹം നടപ്പിലാക്കിയ ഗ്രൂപ്പ് ഫാമിങ്ങ് ദേശീയ ശ്രദ്ധ നേടി. കറകളഞ്ഞ കമ്മ്യൂണിസ്റ്റ്.

## കണിയാപുരം രാമചന്ദ്രൻ

സി.പി.ഐ. നേതാവ്, എഴുത്തുകാരൻ. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, നാടകകൃത്ത്, ഗാനരചിയിതാവ്, പ്രസംഗകൻ, വിമർശകൻ, പത്രപ്രവർത്തകൻ, എ.ഐ.വൈ.എഫ് ന്റെ സംസ്ഥാന പ്രസിഡന്റായിട്ടുണ്ട്. 2 പ്രാവശ്യം സി.പി.ഐ. ദേശീയ കൗൺസിൽ അംഗം.

## ഇബ്രാഹിം സുലൈമാൻ സേട്ട്

മത ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ അക്ഷീണം പോരാടിയ വാഗ്മിയും ആദർശധീരനുമായ ഈ നേതാവ് ഏഴു തവണ ലോക്സഭാംഗവും ഒരു തവണ രാജ്യസഭാംഗവുമായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

## എംഎസ് സുബ്ബലക്ഷ്മി

ദൈവികമായ സംഗീതം കൊണ്ട് അനുഗൃഹീതയായ കലാകാരി ഇന്ത്യൻ സ്ത്രീയുടെ പ്രതീകം കൂടിയായിരുന്നു. ആലാപന വൈശിഷ്ട്യം കർണാടക സംഗീതരംഗത്ത് ഇവരെ ഒരു വിഗ്രഹം തന്നെയാക്കി.

## രവീന്ദ്രൻ

അനശ്വര ഗാനങ്ങൾ കൊണ്ട് മലയാള സിനിമാ സംഗീതത്തെ സമ്പന്നമാക്കിയ അനുഗ്രഹീത സംഗീത സംവിധായകൻ.

## പി. ബാലൻ

ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ചു നിന്ന, പ്രതിയോഗികൾക്കും പോലും സമ്മതനായിരുന്ന സംശുദ്ധ രാഷ്ട്രീയക്കാരൻ.

## ഒ. മാധവൻ

മലയാള നാടകത്തിന്റെ കുലപതി അഭിനേതാവ് 45 - ഓളം നാടകങ്ങൾ സംവിധാനം ചെയ്തു. കെ.പി.എ.സി.യിൽ പ്രവർത്തിക്കുകയും പിന്നീട് കാളിദാസ് കലാകേന്ദ്രം രൂപീകരിച്ചു. 2000 ലെ മികച്ച സിനിമാ നടനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു.

## കെ.പി.എ.സി. സുലോചന

പ്രശസ്ത നടിയും ഗായികയും 5 പതിറ്റാണ്ട് ദൈർഘ്യമുള്ള കലാജീവിതം കെ.പി.എ.സി. യുടെ ആദ്യ നാടകമായ 'എന്റെ മകനാണ് ശരി'-യിൽ അഭിനയിച്ചു. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' 'അശ്വമേധം' എന്നിവ പ്രധാന നാടകങ്ങൾ. 12 നാടകങ്ങൾ 1983ൽ 'സംസ്കാര' എന്ന നാടകട്രൂപ്പ് രൂപീകരിച്ചു.

## സുനിൽദത്ത്

ഇന്ത്യൻ വിഭജനത്തിനുശേഷം റയിൽവെപ്ലാറ്റ്ഫോം വഴി (1955) മദർ ഇന്ത്യയിലെത്തിയ ഈ മഹാനടൻ കാൻസർ - പുകയില വിരുദ്ധപോരാട്ടാങ്ങളിലും വർഗീയതയ്ക്കും ഭീകരതയ്ക്കുമെതിരെ ശബ്ദമുയർത്തുന്നതിലും ശ്രദ്ധ ചെലുത്തിയിരുന്ന ആദർശധീരനായ രാഷ്ട്രീയ പ്രവർത്തകനുമായിരുന്നു.

## രാജാ രാമണ്ണ,

ഇന്ത്യയുടെ ആണവ രംഗത്തെ അതികായൻ. ആണവോർജ്ജ കമ്മീഷൻ അധ്യക്ഷൻ, പ്രതിരോധ ഗവേഷണ വികസന സെക്രട്ടറി, പ്രതിരോധ സഹമന്ത്രി എന്നിങ്ങനെ ഉന്നത പദവികൾ കൈയാളിയ അദ്ദേഹത്തിന്റേത് ഒരു ബഹുമുഖ വ്യക്തിത്വമായിരുന്നു.

## വിജയ് ഹസാരെ

ഇന്ത്യയെ ആദ്യമായി ക്രിക്കറ്റ് ടെസ്റ്റ് വിജയത്തിലേക്കു നയിച്ച നായകൻ. 30 ടെസ്റ്റുകളിൽ ഈ ബാറ്റ്സ്മാൻ ഏഴു ശതകങ്ങൾ നേടി.

## ഡോം മോറിസ്

സാഹിത്യരംഗത്ത് നേതൃനിരയിൽ നിന്ന ഇദ്ദേഹത്തിന് എഴുത്തുകാരൻ, കവി, കോളമിസ്റ്റ് എന്നിങ്ങനെ പല വിശേഷണങ്ങൾ യോജിക്കും.

## ലാറി കാളിൻസ്

ചരിത്രസംഭവങ്ങളെ ആധാരമാക്കി ഡൊമിനിക് ലാപിയറുമായി ചേർന്നെഴുതിയ കൃതികളാണ് കോളിൻസിനെ പ്രശസ്തിയിലേക്കുയർത്തിയത്.


## ശെയ്ഖ് സായിദ്ബിൻ സുൽത്താൻ

യു.എ.ഇ. പ്രസിഡണ്ട് അനിതര സാധാരണമായ രാജ്യതന്ത്രജ്ഞതയിലൂടെ, ചിതറിക്കിടന്നിരുന്ന ശുഷ്ക്കവും വരണ്ടതുമായ ഒരുപിടി മരുഭൂരാജ്യങ്ങളെ ഒരു കുടക്കുകീഴിൽ കൊണ്ടുവന്ന് ലോകത്തിലെ ഏറ്റവും സമ്പന്നവും സമാധാനപൂർണവുമായ രാജ്യമാക്കി മാറ്റിയത് ഇദ്ദേഹമാണ്. അറബ് ലോകത്തെ ഭിന്നതകൾ പരിഹരിക്കുന്നതിൽ നിർണ്ണായക പങ്ക്.

## കര്‍ണ്ണാടക സംഗീതത്തിലെ ഭീഷ്മാചാര്യര്‍:

# ഡോ. ശെമ്മാങ്കുടി ശ്രീനിവാസ അയ്യര്‍

അനുസ്മരണം:
ധന്യ.
രണ്ടാംവര്‍ഷ മലയാളം



**സംഗീതോത്സവങ്ങളുടെ** നാടാണല്ലോ കേരളം. തിരുവനന്തപുരം നവരാത്രി സംഗീതോത്സവം, ആകാശവാണിയുടെ സ്വാതിതിരുന്നാള്‍ സംഗീതോത്സവം, ഗുരുവായൂരിലെ ചെമ്പൈ സംഗീതോല്‍സവം, കോഴിക്കോട്ടു ത്യാഗരാജ ഉത്സവം തുടങ്ങി കാലങ്ങളോളമായി കേരളത്തില്‍ വലുതും ചെറുതുമായ നിരവധി സംഗീതോത്സവങ്ങള്‍ നടന്നുകൊണ്ടിരിക്കുന്നു.

തിരുവനന്തപുരം നവരാത്രി മണ്ഡപത്തില്‍ നടത്തിവരുന്ന സംഗീതോത്സവത്തില്‍ 57 കൊല്ലത്തിലേറെക്കാലം മുടങ്ങാതെ സംഗീതപ്രേമികളുടെ കര്‍ണപുടത്തില്‍ സപ്തസ്വരങ്ങളുടെ അമൃതമഴ പെയ്യിച്ച് അവരുടെ ഹൃദയത്തിനു കുളിരേകിയ സംഗീതജ്ഞനാണ് ഡോ. ശെമ്മാങ്കുടി ശ്രീനിവാസന്‍. തനതായ വ്യക്തിത്വവും നിസ്വാര്‍ത്ഥമായ സേവനപാര്യമ്പര്യവും കേരള സംഗീതത്തിനു അദ്ദേഹം സമ്മാനിച്ച സംഭാവനകളും അദ്ദേഹത്തെ ദക്ഷിണേന്ത്യയലേയും വിശിഷ്യാ കേരളത്തിലേയും സംഗീത പ്രേമികളുടെ ഗുരുവായി, ആരാധ്യനായി, കര്‍ണാടകസംഗീത ലോകത്തിന്റെ ആചാര്യനായി അദ്ദേഹത്തെ മാറ്റിയിരിക്കുന്നു.

1908 ജൂലൈ 25-ാം തിയ്യതി തിരുവാതിര നക്ഷത്രത്തില്‍ തമിഴ് നാട്ടിലെ തഞ്ചാവൂര്‍ ജില്ലയിലെ തിരുക്കോടിക്കാവില്‍ ഗ്രാമത്തില്‍ രാധാകൃഷ്ണ അയ്യരുടെയും ധര്‍മസംവര്‍ധിനി അമ്മാളുവിന്റെയും മകനായി അദ്ദേഹം പിറവിയെടുത്തു. അദ്ദേഹത്തിന്റെ ഓമനപേര് ചീനു എന്നായിരുന്നു. ചെറുപ്രായത്തിലേ സംഗീതത്തോട് പ്രിയം കാണിച്ച ചീനുവിനെ എട്ടാമത്തെ വയസ്സില്‍ പ്രൈമറി പഠന കാലത്തുതന്നെ സ്വകുടുംബത്തിലെ ജ്യേഷ്ഠ സഹോദരനും വായ്പ്പാട്ടിലും വയലിനിലും കഴിവുമുണ്ടായിരുന്ന ശെമ്മാങ്കുടിനാരായണസ്വാമി അയ്യരുടെ കീഴില്‍ സംഗീത്തിലെ ആദ്യാക്ഷരങ്ങള്‍ പഠിക്കാന്‍ ആരംഭിച്ചു.

ശേഷം പ്രഗത്ഭ സംഗീതജ്ഞനായ സഖാരാമറാവുവിന്റെ കീഴില്‍ സംഗീതം അഭ്യസിച്ചു. തുടര്‍ന്ന് സംഗീതവിദ്വാനായ മഹാരാജപുരം വിശ്വനാഥയ്യരില്‍ നിന്നു സംഗീതത്തില്‍ വിദഗ്ധപരിശീലനം നേടി 18ാം-വയസ്സില്‍ തന്നെ അപൂര്‍വങ്ങളായ ത്യാഗരാജ കൃതികളെല്ലാം പഠിച്ചു. സംഗീതത്തില്‍ ഉപരിപഠനം നടത്തിയത് ത്യാഗരാജ പരമ്പരയിലെ വിദ്വാനായിരുന്ന ഉമയാള്‍പുരം സ്വാമിനാഥഅയ്യരുടെ കീഴിലായിരുന്നു.

1926 ല്‍ കുംഭകോണത്തെ നാഗേശ്വരസ്വാമി ക്ഷേത്രത്തില്‍ ഗുരുനാഥനായ മഹാരാജപുരം വിശ്വനാഥ അയ്യരുടെ നിര്‍ദ്ദേശത്താല്‍ അവിടുത്തെ അനുഗ്രഹം നേടി ചീനു തന്റെ ആദ്യ സംഗീത കച്ചേരി നടത്തി. 39ാം വയസില്‍ മദിരാശി മ്യൂസിക് അക്കാഡമിയുടെ സംഗീത കലാനിധി ബിരുദവും നേടി. ഇതിനിടെ ചീനു, ശെമ്മാങ്കുടി ശ്രീനിവാസ അയ്യര്‍ ആയി അറിയപ്പെട്ടിരുന്നു.


1926ല്‍ നാട്ടുകാരിയും പരിചയമുള്ള കുടുംബത്തിലെ അംഗവുമായ തച്ചു അമ്മാളിനെ വിവാഹം ചെയ്തു. സ്വാമിനാഥന്‍, ഗോപാലസ്വാമി, രാധാകൃഷ്ണന്‍, ശാന്ത, ധര്‍മ എന്നിങ്ങനെ അഞ്ചു മക്കളാണ് അയ്യര്‍ക്കും ഭാര്യയ്ക്കും ഉണ്ടായത്.

തിരുവിതാംകൂര്‍ മഹാരാജാവും മഹാറാണിയും ദിവാനായിരുന്ന സര്‍.സി.പി രാമസ്വാമി അയ്യര്‍ മുഖേന ശെമ്മാങ്കുടിയെ കൊട്ടാരത്തിലേക്ക് ആനയിപ്പിച്ച് സ്വാതിതിരുനാള്‍ കൃതികളെ സ്വരപ്പെടുത്തി പ്രചാരപ്പെടുത്താന്‍ ഏല്‍പ്പിച്ചു. തുടര്‍ന്ന് ഡോ. മുത്തയ്യ ഭാഗവതരുടെ പിന്‍ഗാമിയായി സ്വാതി കൃതികള്‍ ചിട്ടപ്പെടുത്തി കൂടാതെ സ്വാതിതിരുനാള്‍ സംഗീത അക്കാഡമിയുടെ മുഖ്യപദവിയും ഏറ്റെടുക്കേണ്ടിവന്നു. അന്നുള്ളതില്‍ വച്ച് ഏറ്റവും നല്ല നിലയിലും രീതിയിലുമുള്ള പഠന സമ്പ്രദായം കര്‍ണാടക സംഗീതത്തിന് അദ്ദേഹം ആവിഷ്കരിച്ചു. 1956 ല്‍ ആകാശവാണിയില്‍ കര്‍ണാടക സംഗീത വിഭാഗത്തിന്റെ ചീഫ് പ്രൊഡ്യൂസറായി വര്‍ത്തിച്ചു. 1962ല്‍ സ്വാതിതിരുനാള്‍ സംഗീത അക്കാഡമിയില്‍ നിന്നും വിരമിച്ച് അദ്ദേഹം മദിരാശിയിലെത്തി.

തിരുവിതാംകൂര്‍ കൊട്ടാരത്തിലെ ആസ്ഥാന വിദ്വാന്‍, 23 വര്‍ഷത്തോളം സ്വാതിതിരുനാള്‍ സര്‍വകലാശാലയുടെ അദ്ധ്യക്ഷന്‍, തിരുവിതാംകൂര്‍ മഹാരാജാവ് നല്‍കിയ രാജ്യസേവാനിര, പത്മഭൂഷന്‍, പത്മവിഭൂഷന്‍, സംഗീത നാടക അക്കാഡമി അവാര്‍ഡ്, മദിരാശി മ്യൂസിക് അക്കാഡമി നല്‍കിയ സംഗീത കലാനിധി അവാര്‍ഡ്, മധ്യപ്രദേശ് ഗവണ്‍മെന്റിന്റെ കാളിദാസന്മാന്‍, കേരള സര്‍വകലാശാലയുടെ ഡോക്ടറേറ്റ് തുടങ്ങിയവയാണ് അദ്ദേഹത്തെ തേടിയെത്തിയ അംഗീകാരങ്ങള്‍.

# കഥ + ജീവിതം
# ഇമ്മിണി ബല്യ ബഷീർ

അനുസ്മരണം:
ശബ്ന
രണ്ടാം വർഷ ഇംഗ്ലീഷ്



**വൈക്കം മുഹമ്മദ് ബഷീർ,** മലയാള ഭാഷയ്ക്ക് ഹൃദയഭാഷയിലെഴുതി നൽകിയ പ്രേമലേഖനത്തിലൂടെ മലയാളികളുടെ മൊത്തം പ്രേമഭാജനമായി മാറിയ എഴുത്തുകാരൻ. ജീവിതം നാടകമാണെങ്കിൽ ബഷീർ ആടാത്തവേഷങ്ങൾ ചുരുക്കമായിരിക്കും. ജീവിതമെന്തെന്ന് ജീവിച്ച് പഠിച്ച വ്യക്തിയായിരുന്നു ബഷീർ. യാത്രകളും അനുഭവങ്ങളുമായിരുന്നു ബഷീറിനു ആകെയുണ്ടായിരുന്ന സ്വത്തുക്കൾ.

സ്വാതന്ത്ര്യ സമരഭടൻ, ട്യൂഷൻ മാസ്റ്റർ, ഗൂർഖ, ഹിന്ദു സന്യാസി, കുശിനിക്കാരൻ, മിൽതൊഴിലാളി,ഹോട്ടൽ തൊഴിലാളി, പുസ്തകവിൽപ്പനക്കാരൻ... ഇങ്ങനെ ബഷീർ ജീവിച്ചുതീർത്ത വേഷങ്ങൾ നിരവധിയാണ്.'ബഷീർ സഞ്ചരിച്ച വഴികളിൽ അദ്ദേഹം സ്വീകരിച്ച- സ്വീകരിക്കേണ്ടിവന്ന- ഇത്തരം വേഷങ്ങളെല്ലാം നല്ല കഥകൾക്കുള്ള കരുത്തായപ്പോൾ എഴുത്തുകാരനിലേക്കുള്ള ദൂരം കുറയുകയും അനുഭവത്തോടു അടുത്തു നിന്ന് ഒട്ടനവധി നല്ലകഥകൾ രചിക്കാൻ അദ്ദേഹത്തിന് എളുപ്പത്തിൽ സാധിക്കുകയും ചെയ്തു.'

സാധാരണക്കാരന്റെ ജീവിതത്തോട് അടുത്തുനിൽക്കുന്ന ഭാഷാപ്രയോഗവും ലിപികളും രചനയിൽ വന്നു ചേരുന്ന ഗ്രാമീണതയും നിഷ്കളങ്കതയും ബഷീറിന്റെമാത്രം ശൈലിയാണ്. തനിക്കുചുറ്റുമുള്ള സൂക്ഷ്മവും സ്ഥൂലവുമായ കാഴ്ചകളെ, തന്റേതുമാത്രമായ ഭാഷാശൈലിയിൽ വരച്ചിട്ട് വായനക്കാരനെ ചിന്തിപ്പിക്കാനും ചിരിപ്പിക്കാനും നൊമ്പരപ്പെടുത്താനും ബഷീർ കാട്ടുന്ന കാച്ചിക്കുറുക്കിയ രീതി നോവൽ സാഹിത്യത്തിൽ ബഷീറിന്റെ മാത്രം പ്രത്യേകതയാണ്.

നാട്യങ്ങളോ, കാപട്യങ്ങളോ ഇല്ലാത്ത കൃതികളാണ് ബഷീർ രചിച്ചിട്ടുള്ളതെല്ലാം. ബഷീർ ശൈലിയുടെ ലാളിത്യം, സുതാര്യത, പ്രസാദാത്മകത്വം, പറയുന്നതിൽ കൂടുതൽ ആശയതലങ്ങൾ അനാവരണം ചെയ്യുന്ന ഭാഷ, ആത്മാർത്ഥത തീരെയില്ലാത്ത സദാചാര വ്യവസ്ഥകളെ തള്ളിപ്പറയുന്ന നിർദയത്വം. ബഷീർ തന്റെ ആദർശം പ്രസംഗിച്ചതായി ചരിത്രമില്ല. പുരോഗമന-സോദ്ദേശ-ജീവത്സാഹിത്യ കാലഘട്ടത്തിൽ ബഷീറിന്റ ശബ്ദം ഒന്നു വേറെതന്നെ ആയിരുന്നു. ബഷീറിന്റെ കഥാലോകം പ്രവിശാലമാണ്. അതു പ്രപഞ്ചത്തെ ആകമാനം ഉൾക്കൊള്ളാൻ ശ്രമിക്കുന്നു. അവിടെ ജീവിതം സുന്ദരമാണ്. കാണുന്നതെല്ലാം മനോഹരവും സുഖദായകവുമാണ്.

തന്റെ ജീവിതം പച്ചയിൽ തന്നെ കോറിയിടുക മാത്രമാണ് ബഷീർ ചെയ്തത്. ആ ജീവിതം തന്നെ സാമൂഹ്യനീതി ശാസ്ത്രത്തെ ധിക്കരിക്കാനും കപടലോകത്തിൽ ആത്മാർത്ഥമായിതന്നെ ദു:ഖിക്കാനും മതിയായ ഒന്നായിരുന്നു. സമൂഹത്തിൽ അരികിലേക്കൊരുക്കി മാറ്റപ്പെട്ടവരുടെ ഭാഷയിലായിരുന്നു ബഷീർ സംസാരിച്ചത്. എഴുത്തുകാരന്റെ ജാഡയോ തത്വജ്ഞാനിയുടെ ഗാംഭീര്യമോ ബഷീറിനുണ്ടായിരുന്നില്ല. നമ്മളിലൊരാളായി നിന്ന് നമ്മുടെ കഥകൾ പറയുകയായിരുന്നു ബഷീർ. ഇതാണ് മറ്റുള്ളവരിൽ നിന്നും ബഷീറിനേയും ബഷീറിന്റെ കൃതികളേയും വ്യത്യസ്തയുള്ള ഒന്നാക്കി മാറ്റാൻ കാരണം.

"ആ പൂവ് നീ എന്തു ചെയ്തു?"
"ഏത് പൂവ്?"
"രക്തനക്ഷത്രം പോലെ കടും ചെമപ്പായ പൂവ്?"
"................"
"ചവിട്ടിയരച്ചു കളഞ്ഞോ എന്നറിവാൻ?"
"കളഞ്ഞുവെങ്കിലെന്ത്?"
"ഓ...... ഒന്നുമില്ല. അതെന്റെ ഹൃദയമായിരുന്നു."

**–അനർഘനിമിഷം.**

***

"**അവൻ** അവജ്ഞയോടെ എന്നെ നോക്കി എന്നിട്ട് ഒരു വാക്യം വായിച്ചു. സ്റ്റൈലൻ വാക്യമാണ്. പക്ഷേ, അവൻ ചോദിച്ചു."
"ഇതിലെ ആഖ്യാതം എവിടെ?"
"................"
"എന്താഖ്യാതം ?"
".... ആഖ്യാ, ആഖ്യാതം, അന്വയം, വ്യാകരണ സംബന്ധിയായ ചപ്ലാച്ചി, അരമണിക്കൂറുനേരത്തെ വർത്തമാനത്തിൽ അവൻ എന്നെ അജ്ഞനാക്കിവെച്ചു..... കിലുകിലാ വിറച്ചു കൊണ്ട് ഞാൻ പറഞ്ഞു:
"പോടാ എണീറ്റ് അവന്റെ ലൊട്ടുലൊടുക്കൂസ് ആഖ്യാതം, നീയല്ലേ നെയ്യ് കട്ടു തിന്ന് ദീനമാണെന്ന് പറഞ്ഞുനടന്ന പെരുങ്കള്ളൻ"

**– പാത്തുമ്മയുടെ ആട്**



സമ്പാദനം:
**അനു**
**ഒന്നാം വർഷ ഇക്ണോമിക്സ്**

"**മൂപ്പർ** പ്രഖ്യാപിച്ചു: "പുസു, ചൊറിയമ്പുസു." 'പുയു' എന്നാണ് പറയേണ്ടത്. മണ്ടൻ മുത്തപ പറഞ്ഞു: "ചൊറിയമ്പുഴു."
"കൈതേ," ഒറ്റക്കണ്ണൻ പോക്കർ തിരുത്തി
"പുഷു'എന്നുപറ, ചൊറിയമ്പുഷു"

**– സ്ഥലത്തെ പ്രധാന ദിവ്യൻ**

***

**അയാൾ** ചിരിച്ചു. "പേരെന്താ?" അയാൾ ചോദി ച്ചു. ഞാൻ പേര്, നാട് ഇതൊക്കെ പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ പേര് ചോദിച്ചു. അദ്ദേഹം പറഞ്ഞു:
"എനിക്ക് പേരില്ല!"
"ഞാൻ പറഞ്ഞു: എങ്കിൽ ദയവ് എന്നായിരിക്കും പേര്"
അയാൾ ചിരിച്ചില്ല. ഞങ്ങൾ അങ്ങനെനടന്നു നടന്ന് വിജനമായ ഒരു പാലത്തിൽ ചെന്നു ചേർന്നു...
അയാൾ ചുറ്റിനും നോക്കി. മറ്റാരും അടുത്തൊന്നുമില്ല.
അയാൾ പറഞ്ഞു: "നോക്ക്, തിരിഞ്ഞുനോക്കാതെ പോകണം. എന്നെ ആരെങ്കിലും കണ്ടോ എന്നു ചോദിച്ചാൽ കണ്ടില്ലെന്നു പറയണം"
എനിക്കു കാര്യം മനസിലായി.
അയാൾ രണ്ടുമൂന്നു പോക്കറ്റുകളിൽ നിന്ന് അഞ്ചു പേഴ്സുകൾ എടുത്തു! അഞ്ച്....! കൂട്ടത്തിൽ എന്റേതും.
"ഇതിൽ ഏതാണു നിങ്ങളുടേത്?"
എന്റേതു ഞാൻ തൊട്ടു കാണിച്ചു.
'തുറന്നു നോക്കൂ.'
ഞാൻ തുറന്നു നോക്കി. പണം എല്ലാം ഭദ്രമായി അതിലുണ്ട്.
ഞാൻ അത് എന്റെ പോക്കറ്റിലിട്ടു.
അയാൾ എന്നോടുപറഞ്ഞു.
"പോ, ദൈവം നിങ്ങളെ രക്ഷിക്കട്ടെ!"
ഞാനും പറഞ്ഞു.
"ദൈവം...... നിങ്ങളെയും.... എന്നെയും.... എല്ലാവരേയും രക്ഷിക്കട്ടെ!"
മംഗളം.

**–ഒരു മനുഷ്യൻ.**